LIBRARY ARCHIVES Kerala Legislative Assembly

## മാവേലിക്കര മണ്ഡലത്തിലെ മരാമത്ത് പണികൾ

305 (3171) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ നിന്നും 25 ലക്ഷം രൂപാവീതം അനുവദിച്ച താമരക്കുളം-വി. വി. എച്ച്. എസ്. റോഡ്, പാലമേൽ- മാമ്മൂട്- പള്ളിക്കൽ റോഡ് എന്നിവയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) പൊതുമരാമത്ത് കെട്ടിടവിഭാഗം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാം ;

(ഡി) വിശദമായ വിവരങ്ങൾ ലഭ്യമാക്കുമോ ;

(ഇ) പൊതുമരാമത്ത് നിരത്ത് വിഭാഗം മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതെല്ലാം ;

(എഫ്) വിശദമായ വിവരങ്ങൾ ലഭ്യമാക്കുമോ ?

### ഉത്തരം

(എ & ബി) ഇല്ല. കായംകുളം നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെടുത്തിയാണ് ടി റോഡുകൾക്ക് ചീഫ് എഞ്ചിനീയർ ഭരണാനുമതി നൽകിയിരുന്നത്. എന്നാൽ ടി റോഡുകൾ മാവേലിക്കര മണ്ഡലത്തിന് കീഴിലുള്ളതിനാൽ ടി പ്രവൃത്തികൾക്ക് പകരമായി കായംകുളം മണ്ഡലത്തിലെ രണ്ട് റോഡുകൾ പുതുതായി ഉൾപ്പെടുത്തി ഭരണാനുമതി മാറ്റി നൽകി. ആയതിനാലാണ് പ്രസ്തുത പ്രവൃത്തികൾ ടെണ്ടർ ചെയ്യാൻ കഴിയാത്തത്. നടപ്പുസാമ്പത്തിക വർഷം ഫണ്ടിന്റെ അപര്യാപ്തത കാരണം ടി റോഡുകൾക്ക് ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല.

(സി&ഡി) മാവേലിക്കര മണ്ഡലത്തിൽ കെട്ടിട വിഭാഗത്തിന് കീഴിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. കുറത്തികാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനുവേണ്ടിയുള്ള കെട്ടിട നിർമ്മാണം-1 കോടി രൂപ-ഗ്രൗണ്ട് ഫ്ളോറിന്റെ പണി തീർന്നു. തുടർ പണികൾ പുരോഗമിക്കുന്നു.

2. ലെപ്രസി സാനിറ്റോറിയം, നൂറനാട്-പുതിയ കെട്ടിട നിർമ്മാണം-392 ലക്ഷം രൂപ. ഒ.പി. ബ്ലോക്കിന്റെ സ്ട്രക്ച്ചർ പൂർത്തിയായി. ബാക്കി പണികൾ നടന്നുകൊണ്ടിരിക്കുന്നു. ഐ.പി. ബ്ലോക്ക്-അന്തേവാസികളുടെ എതിർപ്പുമൂലം പണി തടസ്സപ്പെട്ടിരിക്കുന്നു.

3. മാവേലിക്കര കോടതി സമുച്ചയത്തിൽ എ.ഡി.ആർ. സെന്ററിന്റെ നിർമ്മാണം-55 ലക്ഷം രൂപ. എഗ്രിമെന്റ് വച്ചു. പണി ഉടൻ ആരംഭിക്കും.

(ഇ & എഫ്) മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു :

1. മാവേലിക്കര ബ്ലോക്ക് ഓഫീസ് മുതൽ പോലീസ് സ്റ്റേഷൻ പുളിമൂട്ടിൽ പാലംവഴി ബുദ്ധ ജംഗ്ഷൻ വരെയുള്ള റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ - 96,97,524 രൂപ

2. പുതുതുറ-ചത്തിയറ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ - 87,36,901 രൂപ

3. ഈരിക്കൽ പാലത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ - 54,30,000 രൂപ

4. കൊച്ചാലുംമൂട്-പന്തളം റോഡിന്റെ ബി. എം.& ബി. സി. - 9,90,89,181 രൂപ.

**കായംകുളം മണ്ഡലത്തിലെ മരാമത്ത് പണികൾ**

**306 (3172)** ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം-കാർത്തികപ്പള്ളി റോഡ് രണ്ട് ലൈൻ റോഡായി പുനരുദ്ധരിക്കുന്ന പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) കായംകുളം സർക്കാർ വനിതാ പോളിടെക്നിക്കിന് ആഡിറ്റോറിയം, ലൈബ്രറി, ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ ഭരണാനുമതിയ്ക്കായി പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ ;

(സി) കായംകുളം ജുഡീഷ്യൽ കോംപ്ലക്സ്, ഓഫീസേഴ്സ് ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ?

**ഉത്തരം**

(എ) കായംകുളം-കാർത്തികപ്പള്ളി റോഡ് നിർമ്മാണ പ്രവർത്തനം സി.ആർ.എഫ്. സ്കീമിൽ ഉൾപ്പെടുത്തി, ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്.

(ബി) ആഡിറ്റോറിയം, ലൈബ്രറി എന്നിവയുടെ നിർമ്മാണത്തിനുള്ള 460 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർക്ക് ഭരണാനുമതി ലഭിക്കുന്നതിനായി കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയ്ക്ക് 854 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിനെത്തുടർന്ന് പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം സാങ്കേതികാനുമതിക്കുള്ള വിശദമായ എസ്റ്റിമേറ്റ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly